# അക്കാദമിക മാസ്റ്റർപ്ലാൻ

## 2025- 26

എരുവട്ടി. വെസ്റ്റ്. എൽ
പി. സ്കൂൾ.

# ആമുഖം

കോട്ടൂർ ഗ്രാമപഞ്ചായത്തിലെ 11ാം വാർഡിലെ ചൂളബസാർ എന്ന സ്ഥലത്താണ് കുരുവട്ടി. വെസ്റ്റ്. എൽ. പി. സ്കൂൾ സ്ഥിതി ചെയ്യുന്നത്. 1 മുതൽ 4 വരെ ക്ലാസുകളും പ്രീപ്രൈമറി ക്ലാസും നിലവിൽ പ്രവർത്തിക്കുന്നു.

അക്കാദമികപ്രവർത്തനങ്ങളുടെ ഗുണമേന്മ വർധിപ്പിച്ച് മുഴുവൻ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് വിദ്യാലയപ്രവർത്തനങ്ങൾ നടത്തിവരുന്നത്. എല്ലാകുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഒരുക്കുകയും ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെയാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്.

# അവസ്ഥാ വിശകലനം

2025- 26 വർഷം കുട്ടികൾ.

| ക്രമ നമ്പർ | ക്ലാസ് | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ കുട്ടികൾ |
|---|---|---|---|---|
| 1. | I | 3 | 2 | 5 |
| 2. | II | 2 | 4 | 6 |
| 3. | III | 3 | 7 | 10 |
| 4. | IV | 6 | 3 | 9 |
| ആകെ. | | 14 | 16 | 30 |

പ്രീപ്രൈമറി

ആൺകുട്ടികൾ – 1

പെൺകുട്ടികൾ – 5

ആകെ – 6

ആകെ കുട്ടികൾ – 36.

## പൊതു ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാകുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനനേട്ടങ്ങൾ കൈവരിച്ചു എന്നുറപ്പ് വരുത്തുക.

2. കുട്ടികളുടെ സർഗപരവും അക്കാദമികവുമായ കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ ക. നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.

3. കുട്ടിയുടെ നേട്ടങ്ങളും അതുവഴി ലഭിച്ച മികവുകളും പൊതു സമൂഹത്തെ ബോധ്യപ്പെടുത്തുക.

4. L.SS, മറ്റ് മത്സര പരീക്ഷകൾ എന്നിവയിൽ പരമാവധി കുട്ടികളെ വിജയിപ്പിക്കുക.

5. രക്ഷാകർതൃ കൂട്ടായ്മയിലൂടെ കുട്ടികളുടെ പഠന മികവ് ഉറപ്പുവരുത്തുക.

6. സമൂഹം പ്രതീക്ഷിക്കുന്ന തരത്തിലുള്ള മൂല്യങ്ങളും നിലപാടുകളും അറിവിന്റെ പ്രയോഗശേഷിയും പ്രതികരണശേഷിയും പെരുമാറ്റ രീതിയുമെല്ലാം കുട്ടികൾ കൈവരിക്കുക.

# മലയാളം

## ലക്ഷ്യങ്ങൾ.

1) ഭാഷാശേഷി വികസനം.
ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും മലയാള ഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനും തെറ്റില്ലാതെ എഴുതാനും വായിക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

2) ആശയഗ്രഹണത്തോടെയുള്ള വായന ഉറപ്പാക്കുക, ലേഖനം മെച്ചപ്പെടുത്തുക.

3) എല്ലാ കുട്ടികൾക്കും പ്രായത്തിന് അനുയോജ്യമായ വിധത്തിൽ ആശയവിനിമയം നടത്താനും, ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനും കഴിയുക.

4) കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുകയും സർഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

| ലക്ഷ്യം | പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന വിശദാംശം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1) ഭാഷാശേഷി വികസനം - പിന്നോക്കാവസ്ഥ പരിഹരിക്കൽ - ശരിയായ ഉച്ചാരണത്തോടെ മലയാള ഭാഷ സംസാരിക്കാനും, കേട്ട് മനസ്സിലാക്കാനും, തെറ്റില്ലാതെ എഴുതാനും വായിക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | അക്ഷരത്തെളിച്ചം | പ്രീ-ടെസ്റ്റ് നടത്തി പിന്നോക്കക്കാർക്ക് പരിശീലനം നല്കുന്നു. അക്ഷരങ്ങൾ, ചിഹ്നങ്ങൾ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ - പദസൂര്യൻ, വാക്യനിർമ്മാണം, വായനാകാർഡ്, വളരുന്ന അക്ഷരമരം, ചിത്രവായന, പാട്ടരങ്ങ്.... തുടങ്ങിയവ നല്കുന്നു | ജൂൺ - ജൂലൈ | ക്ലാസ് ടീച്ചർ |
| | ഒരുദിനം ഒരു വായന - | പാഠഭാഗവുമായി ബന്ധപ്പെട്ട അക്ഷരങ്ങളും ചിഹ്നങ്ങളും ചേർത്ത് നിർമ്മിക്കുന്ന വായനാസാമഗ്രികൾ എന്റെ വായനാപുസ്തകത്തിൽ ഒട്ടിക്കുന്നു- വായിക്കുകയും എഴുതുകയും ചെയ്യുന്നു- വായ്ത്താരികൾ ചൊല്ലുന്നു - കഥ പറയൽ നടത്തുന്നു. നിഘണ്ടു പരിചയപ്പെടുന്നു | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ |

| ലക്ഷ്യം | പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന വിശദാംശം | കാലയളവ് | ചുമതല |
|---|---|---|---|---|
| 2) ആശയഗ്രഹണത്തോടെയുള്ള വായന ഉറപ്പാക്കുക. ലേഖനം - മെച്ചപ്പെടുത്തുക. | ക്ലാസ് ലൈബ്രറി | ക്ലാസ് ലൈബ്രറി ആഴ്ചയിൽ ഒന്നുവീതം വിതരണം ചെയ്യുന്നു. വായനാക്കുറിപ്പ് തയ്യാറാക്കുന്നു. | ജൂൺ/മാർച്ച് | ക്ലാസ് ടീച്ചർ |
| | വായിക്കാം വളരാം | വായനാക്കൂട്ടം സംഘടിപ്പിക്കുന്നു. | ആഗസ്റ്റ്-ഫിബ്രവരി | വിദ്യാരംഗം ക്ലബ്ബ് |
| | പുസ്തക കുടുക്ക | വീട്ടിൽ ഒരു ലൈബ്രറി ഒരുക്കാൻ പുസ്തക കുടുക്കയിൽ തുക നിക്ഷേപിക്കുന്നു. അതുപയോഗിച്ച് പുസ്തകം വാങ്ങുന്നു വായിക്കുന്നു. | ജൂൺ-മാർച്ച്- | ക്ലാസ് ടീച്ചർ |
| | അമ്മ വായന. | അമ്മ വായന - അമ്മയും കുട്ടിയും ചേർന്ന് പുസ്തകം വായിക്കുന്നു | ആഗസ്റ്റ്-മാർച്ച്. | ക്ലാസ് ടീച്ചർ/ CPTA |
| | പത്ര വായന | പത്രം വായിച്ച് വാർത്തകൾ രേഖപ്പെടുത്തുന്നു. അസംബ്ലിയിൽ അവ തരിപ്പിക്കുന്നു. | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ |

| ലക്ഷ്യം. | പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന വിശദാംശം | കാലയളവ് | ചുമതല |
|---|---|---|---|---|
| 3) എല്ലാ കുട്ടികൾക്കും പ്രായത്തിന് അനുയോജ്യമായ വിധത്തിൽ ആശയവിനിമയം നടത്താനും, ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനും കഴിയുക. | | കഥ എഴുതാം, പറയാം | | |
| | സചിത്ര സംയുക്ത ഡയറി | കുട്ടിയുടെ അനുഭവങ്ങൾ സർഗാത്മകമായ രീതിയിൽ ഡയറിക്കുറിപ്പാക്കുന്നു. | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ, SRG |
| | റീഡേഴ്സ് തിയേറ്റർ | സംഭാഷണം, സ്കിറ്റ്, പാവനാടകം തുടങ്ങി പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നു | ,, | Class Teacher & SRG |
| | രചനോത്സവം | നിശ്ചിത വിഷയത്തെ അടിസ്ഥാനമാക്കി രചനകൾ നടത്തുന്നു. മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | ഫിബ്രവരി | വിദ്യാരംഗം ക്ലബ്ബ്, SRG. |

| ലക്ഷ്യം | പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന വിശദാംശം | കാലയളവ് | ചുമതല സാമ്പത്തികം |
|---|---|---|---|---|
| 4) കുട്ടികളിൽ സാഹിത്യാദിരുചി വളർത്തുകയും സർഗാത്മകകഴിവുകൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. | പതിപ്പ്/ മാസിക തയ്യാറാക്കൽ | സർഗാത്മക രചനകൾ - ക്ലാസ് തല ശേഖരണം - തുടർന്ന് ഇവ ഉൾപ്പെടുത്തി പതിപ്പ് / മാസിക തയ്യാറാക്കൽ. കടങ്കഥ / പഴഞ്ചൊല്ല് ശേഖരണം - മത്സരങ്ങൾ - | ആഗസ്റ്റ് - ജനുവരി | SRG/ വിദ്യാരംഗം ക്ലബ്ബ് |
| | വിദ്യാരംഗം ക്ലബ്ബ് | വിദ്യാരംഗം ക്ലബ്ബ് പ്രവർത്തനങ്ങൾ- | | |
| | സർഗവേള. | ഷോർട്ട് വീഡിയോ കവിതാലാപനം - ക്ലാസടിസ്ഥാനത്തിൽ വിവിധ പ്രവർത്തനങ്ങൾ സർഗവേളകളിൽ അവതരിപ്പിക്കുന്നു. | എല്ലാ തിങ്കളാഴ്ചയും. | SRG |
| | പഠനോത്സവം. | പഠനമികവുകൾ സമൂഹവുമായി പങ്കുവയ്ക്കുന്നു. | March- SRG HM PTA | PTA/ SSK 25000 രൂ |

# ഗണിതം

## ലക്ഷ്യങ്ങൾ

ഗണിതവുമായി ബന്ധപ്പെട്ട് ഓരോ ക്ലാസിലെയും പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും കൈവരിച്ചു എന്ന് ഉറപ്പുവരുത്തുന്നു.

ഗണിതപഠനത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തുക. [ഗണിതലാബ്, ശില്പശാല]

ഗണിതക്ലബ്ബ് രൂപീകരിക്കുന്നു.

ഗണിതം നിത്യജീവിതവുമായി ബന്ധപ്പെടുത്തുന്നു.

ഗണിതമികവുകൾ സമൂഹവുമായി പങ്കുവെക്കുന്നു.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന വിശദാംശം | കാലയളവ് | ചുമതല |
|---|---|---|---|---|---|
| 1 | ഗണിത പഠനത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തുക | ഗണിത കേളികൾ പസിലുകൾ നൽകുക. ഒറിഗാമി △, □, ○ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. | ക്ലാസടിസ്ഥാനത്തിൽ ഗണിതകേളികൾ നടത്തുന്നു. പസിലുകൾ, ഗെയിമുകൾ നൽകുന്നു. ഒറിഗാമി നിർമിക്കുന്നു. △, □, ○ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ക്ലാസടിസ്ഥാനത്തിൽ നൽകുന്നു. | JUNE MARCH | Class Teacher |
| | ഗണിതക്ലബ് രൂപീകരണം | 3, 4, ക്ലാസുകളിലെ ഗണിതത്തിൽ താൽപര്യമുള്ള കുട്ടികളെ വച്ച് ഗണിതക്ലബ് രൂപീകരിക്കുന്നു. | ടീച്ചർക്ക് ചാർജ് നൽകുന്നു. ഭാരവാഹികളെ തെരഞ്ഞെടുക്കുന്നു. ചോദ്യപ്പെട്ടി ആഴ്ചയിൽ ഒരു തവണ. ക്വിസ് മത്സരം നടത്തുന്നു. | JUNE MARCH | [illegible] |

| | | | | |
|---|---|---|---|---|
| പഠിക്കുന്ന ആശയങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെടുത്തൽ. | പ്രായോഗിക പ്രശ്നങ്ങൾ. പ്രശ്നപരിഹാരം | ക്ലാസടിസ്ഥാനത്തിൽ ലളിതമായ പ്രശ്നപരിഹാര ചോദ്യങ്ങൾ കുട്ടികൾ സ്വയം ചെയ്യുന്നു. തുടർന്ന് ഓരോ ക്ലാസിലേയും ഗണിതപാഠവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യുന്നു. | July TO MARCH | |
| ഗണിത മികവുകൾ സമൂഹവുമായി പങ്കുവയ്ക്കുന്നു. | പഠനോത്സവം. | പഠനോത്സവത്തിൽ ഗണിതവുമായി ബന്ധപ്പെട്ട മികവുകൾ പങ്കുവയ്ക്കുന്നു. | SRG H M PTA MARCH. | 10000/- |

# പരിസരപഠനം

(1) എല്ലാ ക്ലാസിലും പാഠ്യപദ്ധതി നിർദ്ദേശിച്ച പഠനനേട്ടങ്ങൾ നേടിയെടുക്കുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.

(2) ശാസ്ത്രപഠനത്തിൽ താത്പര്യം വളർത്തുക.

(3) പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. ജലം, സസ്യം, .. ശുചിത്വം തുടങ്ങിയവ സംരക്ഷിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

(4) ക്യാമ്പസുകൾ ഹരിതവിദ്യാലയമാക്കി മാറ്റുക.

(5) അക്കാദമിക ലക്ഷ്യങ്ങളിൽ ഊന്നിയുള്ള പഠനയാത്രകൾ സംഘടിപ്പിക്കുക. (നാട്ടിലെ ജലസ്രോതസ്സ്, കുന്ന്, വയലുകൾ, കാവുകൾ, തണ്ണീർത്തടങ്ങൾ - - -)

(6) പരിസ്ഥിതി സംരക്ഷകർ, പഞ്ചായത്ത് അധികൃതർ, കർഷകർ തുടങ്ങിയവരുമായി അഭിമുഖം നടത്താൻ അവസരം നൽകുന്നു.

(7) പഠനനേട്ടവുമായി ബന്ധപ്പെട്ട കൃഷിയുടെ നേരനുഭവങ്ങൾ ലഭിക്കുന്നു.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനത്തിന്റെ പേര് | പ്രവർത്തനവിശദാംശം | കാലയളവ് | ചുമതല |
|---|---|---|---|---|---|
| 1 | ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. | ഫീൽഡ് ട്രിപ്പ് | നാട്ടിലുള്ള കുളം, വയലുകൾ കൃഷി തുടങ്ങിയ ജൈവവൈവിധ്യങ്ങൾ കുട്ടികൾ നേരിട്ട് കാണുക. (ക്ലാസടിസ്ഥാനത്തിൽ) ഓരോ ക്ലാസിലെയും പഠനനേട്ടങ്ങൾ ലിസ്റ്റ് ചെയ്യുന്നു. അതിനു ശേഷം അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | June | Class teacher |
| 2 | പരിസ്ഥിതി സൗഹൃദമനോഭാവം വളർത്തുക. ശുചിത്വ വിദ്യാലയം ഹരിത-വിദ്യാലയം സൗന്ദര്യ-വത്ക്കരണം | ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | കുട്ടികളും അധ്യാപകരും രക്ഷിതാക്കളും കൂട്ടായ ശ്രമത്തിൽ ഉദ്യാനം നിർമ്മിക്കുന്നു നാട്ടുകാരുടെ സഹായവും ഉപയോഗപ്പെടുത്തുന്നു. സ്കൂളിന് ചുറ്റുമുള്ള-ജൈവവൈവിധ്യം പഠനത്തിനായി പ്രയോജനപ്പെടുത്തുക. സസ്യങ്ങൾ, ജലം, മണ്ണ് ഇവ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം തിരിച്ചറിയുന്നു. സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. മരം നട്ടുപിടിപ്പിക്കൽ, ശുചി പരിസരശുചീകരണം, പരിസ്ഥിതിസംരക്ഷണ-ബോധവത്കരണം, പരിസ്ഥിതി ക്ലബ് രൂപീകരണം, | ദീർഘകാലം<br>June 5<br>June : March | |

| | | | | | | |
|---|---|---|---|---|---|---|
| | | | (പതിപ്പുകൾ, വാർത്തകൾ ശേഖരണം, പരിസ്ഥിതി ക്ലാസുകൾ സംഘടിപ്പിക്കൽ) | | | |
| 3 | പഠനനേട്ടവുമായി ബന്ധപ്പെട്ട കൃഷിയുടെ നേരനുഭവങ്ങൾ ലഭിക്കുന്നു. വിദ്യാലയത്തിൽ കൃഷി വികസിപ്പിക്കുക. വിദ്യാലയത്തിലെ കൃഷിയെ വീടുമായി ബന്ധിപ്പിക്കുക. | സ്കൂളിൽ ഒരു പച്ചക്കറിത്തോട്ടം<br>വീട്ടിൽ ഒരു പച്ചക്കറിത്തോട്ടം | 1) കൃഷിയുമായി ബന്ധപ്പെട്ട പഠനനേട്ടങ്ങൾ ലിസ്റ്റ് ചെയ്യുക. (ക്ലാസ് അടിസ്ഥാനത്തിൽ)<br>2) വിവിധ തരത്തിലുള്ള സസ്യങ്ങൾ വിദ്യാലയത്തിൽ നട്ടുപിടിപ്പിക്കുക (പപ്പായ, വാഴ, മുരിങ്ങ, ചീര ...)<br>3) ആവശ്യമായ വളവും ജൈവകീടനാശിനിയും ഉപയോഗയോഗ്യമാക്കുക.<br>4) ഓരോ ദിവസവും ചെടിയുടെ വളർച്ച നിരീക്ഷിച്ച് കുറിപ്പ് തയ്യാറാക്കുന്നു.<br>5) കുട്ടികൾ അവരുടെ വീട്ടിലും പച്ചക്കറി കൃഷി ചെയ്യുന്നു. | June - December | Class teacher<br>SRG<br>PTA<br>PTA | |

# ഇംഗ്ലീഷ്

## ലക്ഷ്യങ്ങൾ

- ഇംഗ്ലീഷ് ഭാഷയിൽ താത്പര്യം വളർത്തൽ
- ഇംഗ്ലീഷ് ഭാഷ പിന്നോക്കാവസ്ഥ പരിഹരിക്കൽ.
- ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള അവസരമൊരുക്കുന്നു.
- സ്വതന്ത്ര വായനക്കും എഴുത്തിനും സജ്ജരാക്കുക
- സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികാസത്തിന് പ്രയോജനപ്പെടുത്തുക
- ഭയമില്ലാതെ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിന് അവസരം ഒരുക്കുന്നു.
- ഇംഗ്ലീഷ് ഭാഷാപഠനത്തിൽ സവിശേഷ വൈവിധ്യമുള്ള കുട്ടികളെ പൂർണതയിലെത്തിക്കുക.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന - വിശദാംശം | കാലയളവ് | ചുമതല |
|---|---|---|---|---|---|
| 1. | ഇംഗ്ലീഷ് ഭാഷയിൽ താത്പര്യം വളർത്തൽ - ഇംഗ്ലീഷ് ഭാഷ പഠിക്കാനാവശ്യ പരിഹരിക്കൽ | Twinkle Twinkle Little Star. | ഇംഗ്ലീഷിൽ താത്പര്യം ജനിപ്പിക്കാനുതകുന്ന Rhymes, stories, language games, Riddles, puzzles... etc... ക്ലാസടിസ്ഥാനത്തിൽ നൽകുന്നു. കുട്ടികൾക്ക് അവതരിപ്പിക്കാൻ അവസരം നല്കുന്നു | June to March | Class Teacher<br>SRG |
| 2. | ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള അവസരമൊരുക്കുന്നു. | Conversation | പാഠവുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായ സന്ദർഭങ്ങൾ ഉപയോഗപ്പെടുത്തി സംഭാഷണം നിർമ്മിക്കൽ. | August to February | Class Teacher<br>SRG |
| 3. | ഇംഗ്ലീഷ് വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുക. | | ഇംഗ്ലീഷ് പുസ്തകങ്ങൾ, വാർത്തകൾ ~~[illegible]~~ എന്നിവ വായിക്കാൻ പ്രോത്സാഹിപ്പിക്കുക. - സർഗ്ഗാത്മക രചനകൾ നടത്താൻ പ്രോത്സാഹിപ്പിക്കുക | August to February | English Teacher |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന വിശദാംശം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 4 | സാങ്കേതിക വിദ്യാ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാപഠനത്തിന് പ്രയോജനപ്പെടുത്തുക. ഭയമില്ലാതെ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിന് അവസരമൊരുക്കുന്നു. | ഇംഗ്ലീഷ് ക്ലബ്ബ്<br>ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് ഭാഷാ വികാസത്തിനായി സാങ്കേതിക സാധ്യതകൾ (സ്മാർട്ട്ഫോൺ ആപ്ലിക്കേഷനുകൾ ഓഡിയോ-വീഡിയോ) പ്രയോജനപ്പെടുത്തുക.<br>- ആഴ്ചയിൽ ഇംഗ്ലീഷ് അസംബ്ലിയിൽ അധ്യാപകരും കുട്ടികളും കാര്യങ്ങൾ ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു | June to march | class Teacher<br>SRG | |
| 5- | ഇംഗ്ലീഷ് ഭാഷാ പഠനത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണതയിലെത്തിക്കുക. | ഇംഗ്ലീഷ് ഫെസ്റ്റ് | സ്കൂൾ തലത്തിൽ ഇംഗ്ലീഷ് ഫെസ്റ്റ് നടത്തുന്നു. Rhymes, speech, Story telling, Skit, poem etc. | June to march | SRG<br>H.M | 20000 രൂ<br>PTA<br>SSK. |

# മൂല്യങ്ങൾ, മനോഭാവങ്ങൾ വളർത്തൽ

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന വിശദാംശം | കാലയളവ് | ചുമതല |
|---|---|---|---|---|---|
| | കുട്ടികളിൽ ക്ഷമ, അച്ചടക്കം, ബഹുമാനം തുടങ്ങിയ മൂല്യങ്ങൾ ഉണ്ടാക്കൽ, ദയ, അർപ്പണ മനോഭാവം വളർത്തൽ. | മഹാന്മാരെ പരിചയപ്പെടാം | ഗ്രൂപ്പിൽ പുസ്തകങ്ങൾ നൽകുന്നു. മഹാൻമാരുടെ ജീവിതത്തിലെ പ്രധാന സംഭവങ്ങൾ കണ്ടെത്തി എഴുതൽ ICT സാധ്യത പ്രയോജനപ്പെടുത്തൽ. | JUNE - MARCH | Class Teacher, SRG |
| | | ദിനാചരണങ്ങൾ | ഗുണപാഠകഥകൾ. ഭിന്നശേഷിക്കാരെ സഹായിക്കൽ. ക്ലബ്ബ് പ്രവർത്തനങ്ങൾ - ലീഡർ ചുമതലകൾ ഗൃഹസന്ദർശനം. ശുചിത്വസേന - ശുചിത്വ സ്ക്വാഡ്. | | |
| | ലഹരി വിരുദ്ധ അവബോധം. | | സൂംബാഡാൻസ് ബോധവൽക്കരണക്ലാസ് പോസ്റ്റർ. | | |

# രക്ഷാകർതൃ കൂട്ടായ്മ - ശാക്തീകരണം.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന വിശദാംശം | കാലയളവ് | ചുമതല |
|---|---|---|---|---|---|
| | കുട്ടിയുടെ പഠനത്തിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക. വീടുകളിലെ പഠനാന്തരീക്ഷം മെച്ചപ്പെടുത്തുക. | [illegible] | ഓരോ കുട്ടിയെയും മനസ്സിലാക്കുന്നു. വീട്ടിലെ അന്തരീക്ഷം, ഭൗതിക, രക്ഷിതാവിന്റെ കഴിവുകൾ, കുട്ടിയുടെ ശാരീരിക പ്രശ്നങ്ങൾ..... ഓരോമാസവും CPTA ചേരുന്നു. കുട്ടിയുടെ പഠനനേട്ടങ്ങൾ ബോധ്യപ്പെടുത്തൽ. അടുത്ത പഠനപ്രവർത്തനങ്ങൾക്ക് രക്ഷിതാവ് നൽകേണ്ട പിന്തുണ വിശദീകരണം. | JUNE - MARCH | Class Teacher |
| | പ്രതിഭകൾക്ക് മികച്ച ക്ലാസുകൾ നൽകുക. | LSS പരിശീലനം. | 4ാം ക്ലാസിലെ മികച്ച കുട്ടികൾക്ക് LSS പരിശീലനം നൽകുന്നു. | August - February. | SRG |